പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2097 18/03/2015-ൽ മറുപടിക്ക്

# വൈദ്യുതി ബോർഡ് -അപകടങ്ങൾക്ക് നഷ്ടപരിഹാരങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, അൻവർ സാദത്ത്<br>,, പി. എ.മാധവൻ<br>,, സണ്ണി ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകി വരുന്നത്; | (എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും വൈദ്യുതാഘാതമേറ്റ് പൊതു ജനങ്ങൾക്കും വളർത്തു മൃഗങ്ങൾക്കും സംഭവിക്കുന്ന അപകടങ്ങൾക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും സംഭവിക്കുന്ന അപകടങ്ങൾക്ക് ടി പദ്ധതിപ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. അപകടങ്ങളെ രണ്ടായി തരം തിരിച്ചാണ് ആശ്വാസ ധനം നിശ്ചയിച്ചിട്ടുള്ളത്.<br>1. പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും.<br>മാരകമായ അപകടത്തിന് - പരമാവധി 5 ലക്ഷം രൂപ<br>മാരകമല്ലാത്ത അപകടങ്ങൾക്ക് - അപകടത്തിന്റെ ഫലമായി സംഭവിച്ച അംഗവൈകല്യ ശതമാനത്തിന് ആനുപാതികമായ തുക (5 ലക്ഷം രൂപയുടെ).<br>വളർത്തുമൃഗങ്ങൾക്ക് - പരമാവധി 25,000/- രൂപവരെ.<br>2. അശ്രദ്ധ, സൂക്ഷ്മതക്കുറവ് എന്നിവമൂലമുണ്ടാകുന്ന അപകടങ്ങൾ. |

(....2)

| | |
|---|---|
| | മാരകമായ അപകടങ്ങൾക്ക് - പരമാവധി 1 ലക്ഷം രൂപ.<br>മാരകമല്ലാത്ത അപകടങ്ങൾക്ക് - അപകടത്തിന്റെ ഫലമായി സംഭവിച്ച അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുക (1 ലക്ഷം രൂപയുടെ).<br>വളർത്തു മൃഗങ്ങൾക്ക് - പരമാവധി 10,000/- രൂപ വരെ |
| (ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ട പരിഹാര തുക വർദ്ധിപ്പിക്കുക ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് പൊതുജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും സംഭവിക്കുന്ന മാരകമായ അപകടങ്ങൾക്കുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം യഥാക്രമം 1 ലക്ഷം രൂപയും 10,000/- രൂപയും ആയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും പൊതുജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ഉണ്ടാകുന്ന മാരകമായ അപകടങ്ങൾക്കുള്ള ആശ്വാസ ധനസഹായം യഥാക്രമം 5 ലക്ഷം രൂപയും 25,000/- രൂപയുമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (01.06.2014 മുതൽ). |
| (സി) നഷ്ടപരിഹാര തുക ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിൽ ഉള്ളത്; | (സി) ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം എന്നിവയുടെ അർഹത സ്ഥാപിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുണ്ട്. |
| (ഡി) നഷ്ടപരിഹാര തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) ടി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തന്നെ ധനസഹായം ലഭ്യമാക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ